# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 155 07/12/2015 ൽ മറുപടിക്ക്

**ഒഴിവുകൾ കൃത്യമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ പദ്ധതി**

| ചോദ്യം : | ഉത്തരം : |
| --- | --- |
| **ശ്രീ. എം. പി. വിൻസെന്റ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;<br><br>(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) യും (ബി) യും സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാൻ e-vacancy എന്ന സോഫ്റ്റ് വെയറിന് പി.എസ്.സി രൂപം നൽകിയിട്ടുണ്ട്.. പ്രസ്തുത സോഫ്റ്റ് വെയറിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലെയും VMU (Vacancy Master User) ന് പരിശീലനവും പി.എസ്.സി നൽകിയിട്ടുണ്ട്. Software - ൽ log in ചെയ്യുവാനുള്ള User ID, Password എന്നിവ VMU മാർക്ക് ഇതിനോടകം നൽകിക്കഴിഞ്ഞു. |
| (സി) ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി.യെ അറിയിക്കുവാനും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ? | (സി) യും (ഡി) യും ഒഴിവുകൾ പി.എസ്.സി.യെ ഇ-മെയിൽ വഴി അറിയിക്കുന്ന സംവിധാനം ഇപ്പോൾ തന്നെ നിലവിൽ ഉണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ വേഗത്തിലാക്കാൻ 01.12.2015 - ലെ 14816/ഉപ.സി3/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ ഒഴിവുകളും e-vacancy software മുഖേന പി.എസ്.സി-യെ അറിയിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി നിയമനാധികാരി ഡിജിറ്റൽ ഒപ്പ് കരസ്ഥമാക്കണമെന്നും ഓരോ വകുപ്പിലും നിലവിലുള്ള ഒരു ഉദ്യോഗസ്ഥനെ Administrator- Vacancy Master User (VMU) ആയി നിയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ